# അമൃത സർവകലാശാലയ്ക്ക് ഫിക്കിയുടെ ദേശീയ അവാർഡ്

കൊച്ചി: സാങ്കേതിക രംഗത്തെ മികവിനുള്ള ഈ വർഷകത്തെ ഫിക്കി ദേശീയ അവാർഡിന് അമൃത സർവകലാശാലയുടെ ഓപ്പൺ സോഴ്സ് ഇലേണിങ്ങ് സൊലുഷ്യൻ എ വ്യുന് ലഭിച്ചു.

ഫിക്കി വിദ്യാഭ്യാസ ഉച്ചകോടിയിൽ അമൃത സർവകാലാശാല ഇലേണിങ്ങ് റിസർച്ച് ലാബ് ഡയറക്ടർ പ്രഫ. കമല ബിജ്ലാനി നീതി ആയോഗ് വൈസ് ചെയർമാൻ ഡോ. അരവിന്ദ് പാനാഗരിയയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.

കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പ്രകാശ് ജാവ്ദേക്കർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, യൂറോപ്യൻ യൂണിയൻ സാംസ്കാരിക വിദ്യാഭ്യാസ ഡയറക്ടർ ജനറൽ മാർട്ടിൻ റീഷേർട്ട്സ് എന്നിവർ പങ്കെടുത്തു.